പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **1185** 13/12/2012 ൽ മറുപടിയ്ക്ക്

'ഭൂമി കേരളം' പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 'ഭൂമി കേരളം' പദ്ധതി ആരംഭിച്ചത് എപ്പോഴാണെന്നു വ്യക്തമാക്കുമോ ; | (എ) 17/10/2008 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 346/2008/റവന്യൂ അനുസരിച്ചാണ് ഭൂമി കേരളം പദ്ധതി ആരംഭിച്ചത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നു; വിശദമാക്കാമോ : | (ബി) 1. സംസ്ഥാനത്തിന്റെ റീസർവ്വേ മൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാക്കുക<br>2. സർക്കാർ ഭൂമികളുടെ റിക്കാർഡുകൾ നാളതീകരിക്കുക.<br>3. ഏകദേശം 27,000 ഹെക്ടറുള്ള ഭൂമി ആദിവാസികൾക്ക് നൽകുന്നതിനുള്ള സർവ്വെ റിക്കാർഡുകൾ തയ്യാറാക്കുക.<br>4. എൻ.എൽ.ആർ.എം.പി. സ്കീമിനു കീഴിൽ തിരുവനന്തപുരം ജില്ലയിലെ 31 വില്ലേജുകളുടെ സർവ്വെ പൂർത്തിയാക്കുക.<br>5. ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ കൈവശഭൂമി അളന്നു തിട്ടപ്പെടുത്തി അധികമായി കമ്പനി കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ വിസ്തൃതി കണ്ടെത്തുക<br>6. പൊതുകാര്യങ്ങൾക്കായുള്ളതും സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിക്കുന്നതുമായ പ്രത്യേക പദ്ധതികളുടെ സർവ്വെ ജോലികൾ ചെയ്യുക<br>ഇവയാണ് മിഷനിൽ നിക്ഷിപ്തമായിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) സംസ്ഥാനത്തെ ഏതെല്ലാം വില്ലേജുകളിൽ 'ഭൂമി കേരളം' പദ്ധതി നടപ്പിലാക്കിയെന്നു വ്യക്തമാക്കുമോ ; | (സി) ഭൂമികേരളം പദ്ധതിയുടെ കീഴിൽ 9 വില്ലേജുകളാണ് റീസർവ്വേ ജോലികൾക്കായി ഏറ്റെടുത്തിട്ടുള്ളത്. ആയതിൽ തൃശ്ശൂർ ജില്ലയിലെ പുങ്കുന്നം വില്ലേജ് റീസർവ്വേ നടപടികൾ പൂർത്തിയാക്കുകയും, റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള |

തുമാണ്. മലപ്പുറം ജില്ലയിലെ മേൽമുറി വില്ലേജ് റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള നടപടികളുടെ അവസാന ഘട്ടത്തിലാണ്. കണ്ണൂർ ജില്ലയിലെ മാണിയൂർ, തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞാവ്, പാലക്കാട് ജില്ലയിലെ പാലക്കാട് 1, തിരുവനന്തപുരം ജില്ലയിലെ മണക്കാട്, തിരുമല എന്നിവ റീസർവ്വെയുടെ ഭാഗമായ സെക്ഷൻ 9(2) പ്രസിദ്ധീകരിച്ച ശേഷമുള്ള നടപടികൾ നടന്നു വരുന്നു. തൃശ്ശൂർ ജില്ലയിലെ നെട്ടിശ്ശേരി, അയ്യന്തോൾ എന്നിവയുടെ റീസർവ്വേ നടപടികൾ പുരോഗതിയിലാണ്.

(ഡി) പൊതുജനങ്ങൾ പദ്ധതിക്കെതിരെ ഗൗരവതരമായ ആക്ഷേപങ്ങളും പരാതികളും ഉന്നയിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ എന്തു കൊണ്ടാണെന്നു വിശദമാക്കുമോ ;

(ഡി) ഭൂമികേരളം പദ്ധതി നിർത്തി വയ്ക്കുവാൻ തീരുമാനിച്ചിട്ടില്ല.

(ഇ) രേഖകൾ പ്രകാരമല്ലാതെ അർഹതയിൽ കവിഞ്ഞ ഭൂമി കൈവശപ്പെടുത്തി വച്ചിരിക്കുന്നവരുടെ പക്കൽ നിന്നും ഭൂമി കണ്ടെത്തി പിടിച്ചെടുക്കുവാൻ സഹായകരമായിരുന്ന പദ്ധതി വേണ്ടെന്നു വച്ചിട്ടുണ്ടെങ്കിൽ തീരുമാനം പിൻവലിച്ച് പദ്ധതി സംസ്ഥാനത്താകെ സമയബന്ധിതമായി നടപ്പിലാക്കുവാൻ നിർദ്ദേശം നൽകുമോയെന്നും ഇതു സംബന്ധിച്ച് എന്ത് നടപടികളാണ് ഇതിനോടകം സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ?

(ഇ) ഭൂമികേരളം പദ്ധതി നിർത്തി വയ്ക്കുവാൻ തീരുമാനിച്ചിട്ടില്ല. അപേക്ഷയുടെ അടിസ്ഥാനത്തിലല്ലാതെയുള്ള സ്വകാര്യ വസ്തുവിലെ റീസർവ്വേ മാത്രമേ നിർത്തിവച്ചിട്ടുള്ളൂ. കേന്ദ്ര സംസ്ഥാന സംയുക്ത പദ്ധതിയായ നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡേണൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമികേരളം പദ്ധതിയുടെ പ്രവർത്തനത്തിന് മതിയായ തുക വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനത്തിന് എല്ലാവിധ പിന്തുണയും സർക്കാർ തലത്തിൽ ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ